പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 387 — 03.02.2014- ലെ മറുപടിക്ക്

## ഭക്ഷ്യവസ്തുക്കളിലെ വിഷാംശം- സ്ഥിര പരിശോധന സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ<br>" എം. ഉമ്മർ<br>"സി. മോയിൻകുട്ടി<br>" പി. ബി. അബ്ദുൾ റസാക്ക് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ഭക്ഷ്യവസ്തുക്കളിലെ വിഷാംശത്തിന്റെ തോത് സ്ഥിരമായി പരിശോധിക്കാൻ എന്താക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ | എ) | ഭക്ഷ്യവസ്തുക്കളിൽ കീടനാശിനിയുടെ അംശം 2.0 മില്ലീഗ്രാം/കിലോഗ്രാം എന്ന അളവിൽ കൂടുതലാണെങ്കിൽ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം മാത്രമേ ലബോറട്ടറിയിൽ ഇപ്പോൾ നിലവിലുള്ളു. (TLC – Thin Layer Chromatographic Method) ഭക്ഷണ വസ്തുക്കളിൽ അടങ്ങിയിരിക്കുന്ന പുപ്പലിന്റെ (അഫ്ളാടോക്സിൻ) അളവ് എലിസ റീഡർ (അഫ്ളാടോക്സിൻ കിറ്റ്) വഴി കണ്ടുപിടിക്കുന്നുണ്ട്.<br>പാലിൽ മെലാമിൻ എന്ന രാസവസ്തു കലർന്നിട്ടുണ്ടോയെന്ന് എലിസ റീഡർ (മെലാമിൻ കിറ്റ്) എന്ന ഉപകരണം വഴിയും കണ്ടുപിടിക്കുന്നു.<br>പ്രിസർവേറ്റീവിന്റെ അളവ് (ബെൻസോയിക് ആസിഡിന്റെ) നിയമം അനുശാസിക്കുന്ന അളവിൽ കൂടുതലുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. കൂടാതെ ഭക്ഷണ വസ്തുക്കളിലെ (മുളക്പൊടി, അച്ചാർ പൊടി, അച്ചാർ,സാമ്പാർപൊടി തുടങ്ങിയ വിവിധയിനം മസാലപൊടികൾ) ഓയിൽ സോലിബിൾ കളറിന്റെ സാന്നിധ്യം തിൻ ലെയർ ക്രോമറ്റോഗ്രാഫി വഴി കണ്ടുപിടിക്കുന്നുണ്ട്.<br>പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി വെള്ളയാണി കാർഷിക സർവകലാശാലയുടെയും മത്സ്യത്തിന്റെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി കൊച്ചിയിൽ |

| | | | |
|---|---|---|---|
| | | | സ്ഥിതി ചെയ്യുന്ന Central Institute of Fisheries Technology യുടെ സേവനവും ഭക്ഷണവസ്തുക്കളിലെ മൈക്രോ ഓർഗാനിസത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി കോന്നിയിലുള്ള Central Food Research and Development എന്ന സ്ഥാപനത്തിന്റെയും സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ Cashew Export Promotion Council ന്റെയും Sterling Lab ന്റെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. |
| ബി) | വിഷവസ്തുക്കൾ കൂടിയ തോതിലടങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകാവുന്ന രോഗങ്ങളെക്കുറിച്ചും ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | വിഷവസ്തുക്കൾ കൂടിയ തോതിൽ അടങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന രോഗങ്ങളെക്കുറിച്ചും ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും ഭക്ഷ്യസുരക്ഷാ വകുപ്പ് പഠനം നടത്തിയിട്ടില്ല. |
| സി) | അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ഭക്ഷ്യവസ്തുക്കളിലെ വിഷാംശം കണ്ടെത്തുന്നതിന് പരിശോധന കർശനമാക്കുമോ; വിശദമാക്കാമോ? | സി) | അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്നതുൾപ്പെടെ സംസ്ഥാനത്ത് ലഭ്യമാകുന്ന എല്ലാ ഭക്ഷ്യവസ്തുക്കളിലടങ്ങിയിരിക്കുന്ന വിഷാംശം ( കീടനാശിനിയുടെ സാന്നിധ്യം ) നിലവിലുള്ള സംവിധാനം ഉപയോഗിച്ച് കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**